"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ്- കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS)-ൽ Ph.D. (Fish Nutrition and Feed Technology) ചെയ്യുന്ന ശ്രീമതി മേരി ഡയാന പി.ജെ. എന്ന വിദ്യാർത്ഥിനിയ്ക്ക് മൂന്നാം വർഷമായ 2025–26 അധ്യയന വർഷത്തിൽ അർഹമായ e-Grantz ആനുകൂല്യം അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.435/2026/F&P തീയതി,തിരുവനന്തപുരം, 01-08-2026

---

പരാമർശം:-

1. ശ്രീമതി മേരി ഡയാന പി. ജെ-യുടെ 13/04/2025, 31/08/2025 എന്നീ തീയതികളിലെ അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 03/06/2025, 29/01/2026, 13/07/2026 എന്നീ തീയതികളിലെ DFTVM/1/2025-N2 നമ്പർ കത്തുകൾ.
3. കുഫോസ് രജിസ്ട്രാറുടെ 25/06/2025, 03/03/2026 എന്നീ തീയതികളിലെ അക്കാഡ് 2/1822/2022 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ശ്രീമതി മേരി ഡയാന പി.ജെ. 2016-ൽ കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (KUFOS)-ൽ Ph.D. (Fish Nutrition and Feed Technology) കോഴ്സിൽ പ്രവേശനം നേടി Children of Fishermen (CoF) e-GrantZ പദ്ധതി പ്രകാരം ഒന്നും രണ്ടും വർഷങ്ങളിലെ ഗ്രാന്റ് ആനുകൂല്യം കൈപ്പറ്റിയ ശേഷം ഗവേഷണം തുടരാതെ കോഴ്സ് അവസാനിപ്പിച്ചിരുന്നു. തുടർന്ന്, 2023-ൽ അതേ വിഷയത്തിൽ പുതുതായി Ph.D. കോഴ്സിൽ പ്രവേശനം നേടിയ സാഹചര്യത്തിൽ നിലവിലെ കോഴ്സിന് e-Grantz ആനുകൂല്യം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീമതി മേരി ഡയാന പി.ജെ അഭ്യർത്ഥിക്കുകയുണ്ടായി.

2) 2016-ലെ സി.ഒ.എഫ് ഗ്രാന്റ് രജിസ്ട്രേഷൻ റദ്ദാക്കി നിലവിലെ (2023-26) കോഴ്സിന് ഗ്രാൻ്റ് അനുവദിക്കുന്നതിന് സർവകലാശാലയ്ക്ക് എതിർപ്പില്ലെന്നും, ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാണെന്നും പരാമർശ പ്രകാരം KUFOS സർവകലാശാല അറിയിച്ചിട്ടുണ്ട്. അതേസമയം, 2016-17, 2017-18 അധ്യയന വർഷങ്ങളിലെ ഒന്നും രണ്ടും വർഷങ്ങളിലെ ഗ്രാന്റ് ആനുകൂല്യം വിദ്യാർത്ഥിക്ക് ഇതിനകം അനുവദിച്ചിട്ടുള്ളതിനാൽ അതേ വർഷങ്ങളിലേക്കുള്ള ആനുകൂല്യം വീണ്ടും അനുവദിക്കുന്നത് പദ്ധതിയുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായിരിക്കുമെന്നും, ആയതിനാൽ, 2023-24 അധ്യയന വർഷത്തിൽ ഒന്നാം വർഷമായി തന്നെ അഡ്മിഷൻ ലഭിച്ചിട്ടുള്ള ശ്രീമതി മേരി ഡയാന പി.ജെ യ്ക്ക് ഒന്നും രണ്ടും വർഷം ഒഴിവാക്കി മൂന്നാം വർഷം മുതൽ ഫിഷറീസ് ഇ-ഗ്രാന്റ്സ്

അനുവദിക്കുന്നതായിരിക്കും ഉചിതമെന്നും ഫിഷറീസ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ, ശ്രീമതി മേരി ഡയാന.പി.ജെ എന്ന വിദ്യാർത്ഥിനിയ്ക്ക് ഒന്നും രണ്ടും വർഷ e-grantz ആനുകുല്യം ഒഴിവാക്കി മൂന്നാം വർഷം മുതലുള്ള ആനുകൂല്യം അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2023-ൽ പുതുതായി Ph.D. കോഴ്സിൽ പ്രവേശനം നേടിയ സാഹചര്യത്തിലും, 2016-ലെ സി.ഒ.എഫ് ഗ്രാന്റ് രജിസ്ട്രേഷൻ റദ്ദാക്കി നിലവിലെ കോഴ്സിന് (2023-2026) ഗ്രാന്റ് അനുവദിക്കുന്നതിന് സർവകലാശാലയ്ക്ക് എതിർപ്പില്ലെന്ന് KUFOS രജിസ്ട്രാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, ഫിഷറീസ് ഡയറക്ടറുടെ ശുപാർശ പരിഗണിച്ചും, നിലവിലെ (2023 അഡ്മിഷൻ) Ph.D. കോഴ്സിന്, ഒന്നും രണ്ടും വർഷങ്ങളായ 2023–24, 2024–25 അധ്യയന വർഷങ്ങളിലെ e-Grantz ആനുകൂല്യം ഒഴിവാക്കി, മൂന്നാം വർഷമായ 2025–26 അധ്യയന വർഷത്തിൽ അർഹമായ e-Grantz ആനുകൂല്യം ശ്രീമതി മേരി ഡയാന പി.ജെ -യ്ക്ക് അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മേരി ഡയാന പി.ജെ, പള്ളിപ്പറമ്പിൽ ഹൗസ്, അർത്തുങ്കൽ പി.ഒ, ചേർത്തല-688530
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി2/282/2025/മതുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Digitally signed by Sabitha Shiju
Date: 01-08-2026 14:46:09